150 YEARS OF CELEBRATING THE MAHATMA

Break the chain

<u>വനിതശിശുവികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: പ്രിയങ്ക ജി IAS )

ഉത്തരവ് നം.ICDS/A5/918/2022

തിരുവനന്തപുരം,
തീയതി. 18/05/2022

---

വിഷയം: വനിത ശിശുവികസന വകുപ്പ്-ഡയറക്ടറേറ്റ്- ആദ്യ 1000 ദിന പരിപാടി 2022-23 പദ്ധതി തുടരുന്നതിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം : (1)സ.ഉ.(സാധാ) നം. 395/2021/സാനീവ തീയതി -07-06-2021
(2) 16-04-2022 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.

ഗർഭാവസ്ഥയിലായിരിക്കുമ്പോൾ മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതായതിനാൽ കുട്ടിയുടെ ശരിയായ വളർച്ചയ്ക്കും വികാസത്തിനും ആ ദിനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ 2013 ൽ ഈ മേഖലയിലാരംഭിച്ച പദ്ധതി 2018-19 സാമ്പത്തിക വർഷം മുതൽ മലയോര തീരദേശ മേഖല, തൂക്കക്കുറവുള്ള കുട്ടികളുടെ എണ്ണം എന്നിങ്ങനെയുള്ള പ്രധാനപ്പെട്ട ഘടകങ്ങൾ കണക്കിലെടുത്ത് ആകെ 11 ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ നടപ്പിലാക്കിയിരുന്നു. 2021 -22 സാമ്പത്തിക വർഷം മുതൽ പദ്ധതി പ്രവർത്തനങ്ങൾ പുതിയ 17 പ്രോജക്ടുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി ആകെ 28 പ്രോജക്ടുകളിൽ പദ്ധതി വ്യാപിപ്പിക്കുകയുണ്ടായി.

2021-22 സാമ്പത്തിക വർഷം ആകെ 28 പ്രോജക്ടുകളിൽ ആദ്യ 1000 ദിന പരിപാടി നടപ്പിലാക്കുന്നതിനുള്ള സർക്കാർ അനുമതി പരാമർശം (1) പ്രകാരം ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പ് /IEC, തെറാപ്യൂട്ടിക് ഫുഡ് വിതരണം എന്നിവയ്ക്കുള്ള ഫണ്ട് ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് അനുവദിയ്ക്കുകയും ചെയ്തു.

ഗർഭാവസ്ഥയിലായിരിക്കുമ്പോൾ മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ച ലക്ഷ്യം വച്ച്

കൊണ്ട് നടപ്പിലാക്കുന്ന ഈ പദ്ധതി പ്രസ്തുത ലക്ഷ്യം നേടുന്നതിനായി ഒരു തുടർ പദ്ധതിയായി നടപ്പിലാക്കേണ്ടതും, സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ സേവനം നല്ല രീതിയിൽ ലഭ്യമാകുന്ന സാഹചര്യത്തിൽ ഈ വർഷം മുതൽ മെഡിക്കൽ ക്യാമ്പ് ഒഴിവാക്കി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള തെറാപ്യൂട്ടിക് ഫുഡ് വിതരണം 2022 ഏപ്രിൽ മാസം മുതൽ തന്നെ തുടരുന്നതിനും തെറാപ്യൂട്ടിക് ഫുഡിന് അർഹരായ ഗുണഭോക്താക്കളെ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിരിക്കുന്ന പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനുമുള്ള നിർദ്ദേശം പരാമർശം (2) പ്രകാരം നൽകിയിട്ടുള്ളതുമാണ്.

പ്രസ്തുത സാഹചര്യത്തിൽ ആദ്യ 1000 ദിന പരിപാടി നിലവിൽ നടപ്പിലാക്കി വരുന്ന സംസ്ഥാനത്തെ 28 പ്രോജക്ടുകളിലും ഈ സാമ്പത്തിക വർഷവും നടപ്പിലാക്കുന്നതിനും അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് തെറാപ്യൂട്ടിക് ഫുഡ് വിതരണത്തിനായി 2,16,13,500(രണ്ട് കോടി പതിനാറ് ലക്ഷത്തി പതിമൂന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) 2022-23 സാമ്പത്തിക വർഷത്തെ അട്ടപ്പാടിയിലെ നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള ആദ്യ 1000 ദിന പരിപാടിയുടെ കീഴിൽ 2235-02-102-50(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള അനുബന്ധം പ്രകാരം തുക ജില്ലകൾക്ക് അനുവദിച്ചും ഉത്തരവാകുന്നു.

(ഒപ്പ്)

വനിതശിശുവികസന ഡയറക്ടർ

<u>പകർപ്പ് :</u>

1. എല്ലാ ജില്ലാഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Signature valid

Digitally signed by Priyanka G
Date: 2022.05.18 11:56:42 IST
Reason: Approved

# അനുബന്ധം 1
## ആദ്യ 1000 ദിന പരിപാടി

| ക്രമനം | ജില്ല | പദ്ധതിയിൽ ഉൾപ്പെടുന്ന പ്രോജക്ടിന്റെ പേര് | 2022-23 ൽ പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കളുടെ ശരാശരി എണ്ണം | പ്രോജക്ടുകൾക്ക് അനുവദിയ്ക്കുന്ന തുക |
|---|---|---|---|---|
| | തിരുവനന്തപുരം | വെള്ളനാട് | 200 | 6,91,632 |
| | | തിരു. അർബൻ 1 | 200 | 6,91,632 |
| | കൊല്ലം | കൊല്ലം അർബൻ 1 | 200 | 6,91,632 |
| | | അഞ്ചൽ അഡീഷണൽ | 250 | 8,64,540 |
| | പത്തനംതിട്ട | റാന്നി അഡീഷണൽ | 200 | 6,91,632 |
| | | കോന്നി | 200 | 6,91,632 |
| | ആലപ്പുഴ | മുതുകുളം | 250 | 8,64,540 |
| | | അമ്പലപ്പുഴ | 200 | 6,91,632 |
| | കോട്ടയം | ഈരാറ്റുപേട്ട | 200 | 6,91,632 |
| | | കാഞ്ഞിരപ്പള്ളി അഡീഷണൽ | 200 | 6,91,632 |
| | ഇടുക്കി | ദേവികുളം അഡീഷണൽ | 250 | 8,64,540 |
| | | അടിമാലി | 250 | 8,64,540 |
| | എറണാകുളം | വൈപ്പിൻ | 200 | 6,91,632 |
| | | കോതമംഗലം | 200 | 6,91,632 |
| | തൃശ്ശൂർ | തളിക്കുളം | 200 | 6,91,632 |
| | | ചാലക്കുടി അഡീഷണൽ | 250 | 8,64,540 |
| | പാലക്കാട് | അട്ടപ്പാടി | 250 | 8,64,540 |
| | | കൊല്ലംകോട് | 250 | 8,64,540 |

| | | | | |
|---|---|---|---|---|
| | മലപ്പുറം | നിലമ്പൂർ അഡീഷണൽ | 250 | 8,64,540 |
| | | നിലമ്പൂർ | 200 | 6,91,632 |
| | കോഴിക്കോട് | കോഴിക്കോട് അർബൻ 3 | 250 | 8,64,540 |
| | | കുന്നുമ്മൽ | 250 | 8,64,540 |
| | വയനാട് | മാനന്തവാടി | 250 | 8,64,540 |
| | | സുൽത്താൻ ബത്തേരി | 200 | 6,91,632 |
| | കണ്ണൂർ | ഇരിട്ടി | 200 | 6,91,632 |
| | | പേരാവൂർ | 250 | 8,64,540 |
| | കാസർഗോഡ് | കാസർഗോഡ് അഡീഷണൽ | 200 | 6,91,632 |
| | | മഞ്ചേശ്വരം അഡീഷണൽ | 250 | 8,64,540 |
| | | ആകെ | | **216,13,500** |

**18/05/2022**